(എ) 35/96 നമ്പർ പർച്ചേയ്സ് ഓർഡർ പ്രകാരം 50 ലിറ്റർ എസ്.പി.വി. റഫ്രിജറേറ്റർ വാങ്ങാൻ സോളാരിസിസ് കമ്പനിയ്ക്ക് അനെർട്ട് കരാർ നൽകിയിരുന്നോ;

(ബി) ഈ ഓർഡർ പ്രകാരം എത്ര എണ്ണം സപ്ലൈ ചെയ്തു എന്നും വെളിപ്പെടുത്തുമോ;

(സി) ഈ റഫ്രിജറേറ്ററുകൾ ബേൺടെസ്റ്റിൽ നിലവാരം പുലർത്തിയോ;

(ഡി) അനെർട്ടിന്റെ സയന്റിസ്റ്റുകൾ ഫാക്ടറിയിൽവച്ച് ഇവ ടെസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഇ) ടെസ്റ്റ് ചെയ്തതിന്റെ ഫലം എന്താണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) കരാർ പ്രകാരം എല്ലാ റഫ്രിജറേറ്ററും സപ്ലൈ ചെയ്തിട്ടുണ്ടോ; ഓരോന്നിന്റെയും വില എത്രയാണ്;

(ജി) ഇല്ലെങ്കിൽ കമ്പനിക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)-(ജി) ചോദ്യം ഉദിയ്ക്കുന്നില്ല.

25 (649) വിദേശ മലയാളികൾക്കുള്ള താമസസൗകര്യം

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ മലയാളികൾ കേരളത്തിലെത്തുമ്പോൾ താമസ സൗകര്യം നൽകുന്നതിനുവേണ്ടി വിമാനത്താവളങ്ങളോടനുബന്ധിച്ച് ഗസ്റ്റ് ഹൗസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ പണി എപ്പോഴത്തേയ്ക്ക് ആരംഭിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഇത്തരം ഗസ്റ്റ് ഹൗസുകൾ തുടങ്ങാനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു.

26 (650) ഔദ്യോഗിക ഭാഷ മലയാളമാക്കിയ നടപടി

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഔദ്യോഗിക ഭാഷ മലയാളമാക്കിയതിന്റെ ഭാഗമായി വകുപ്പ ദ്ധ്യക്ഷൻമാരുടേയും മറ്റും ഓഫീസുകളുടെ ഇംഗ്ലീഷിൽ ഉള്ള പേരുകൾ മല യാളത്തിലാക്കിയപ്പോൾ പൂർണ്ണമായും മലയാളീകരിക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) ജലഭവൻ, ക്ഷീര ഭവൻ, പരീക്ഷാഭവൻ, വൈദ്യുതി ഭവൻ, വികാസ് ഭവൻ എന്നീ പേരുകളിലുള്ള "ഭവൻ" എന്നതിനുപകരം "ഭവനം" എന്നാക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) പരിശോധിക്കുന്നതാണ്.

27 (651) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മുഖ്യമന്ത്രി യുടെ ദുരിതാശ്വാസനിധിയിൽനിന്നും എത്ര ലക്ഷം രൂപ വിതരണം ചെയ്തി ട്ടുണ്ട്;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസ ഹായം നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദീകരിക്കുമോ;

(സി) രാഷ്ട്രീയ സംഘട്ടനം മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം നൽകാൻ വ്യവസ്ഥയുണ്ടോ;

(ഡി) രാഷ്ട്രീയ സംഘട്ടനം മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് ഏതെങ്കിലും വ്യക്തികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മുഖ്യമന്ത്രി യുടെ ദുരിതാശ്വാസനിധിയിൽനിന്നും 5,89,38,480/-(അഞ്ചു കോടി എൺപ ത്തൊമ്പത് ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി നാനൂറ്റി എൺപത്) രൂപ വിത രണം ചെയ്തിട്ടുണ്ട്.

(ബി)&(സി) വാർഷിക വരുമാനം 20,000/- രൂപയിൽ കുറവുള്ള രോഗി കൾക്ക് സാധാരണ രോഗങ്ങൾക്ക് 2000/- രൂപയും, ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗങ്ങൾ എന്നിവയ്ക്ക് പരമാവധി 5,000/- രൂപയും ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ അപകടമരണം സംഭവിക്കുന്ന മുതിർന്ന ആളിന്റെ ആശ്രിതന് 10,000/- രൂപയും, പ്രായപൂർത്തിയാകാത്തവരുടെ ആശ്രി തർക്ക് 4,000/- രൂപയും നൽകിവരുന്നു. വസ്തുവകകളുടേയും വളർത്തുമൃഗ ങ്ങളുടേയും നാശനഷ്ടത്തിന് പരമാവധി 2000/- രൂപവരെയും അനുവദിച്ചു വരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയെ സംബന്ധിക്കുന്ന നിയമാവലിയുടെ 12-ാം വകുപ്പിലെ കുറിപ്പ് പ്രകാരം വ്യക്തികൾക്കും സ്ഥാപ നങ്ങൾക്കും മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് അക്രമ

LIBRARY ARCHIVES Kerala Legislative Assembly